മാധ്യമം

20 June 2023




ചെമ്മീൻ, കൂന്തൽ വിഭവങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐയും എസ്.ഇ.എ.ഐയും തമ്മിലുള്ള ധാരണപത്രം ഡോ. എ. ഗോപാലകൃഷ്ണനും എ.ജെ. തരകനും പരസ്പരം കൈമാറുന്നു

# ചെമ്മീൻ, കൂന്തൽ കയറ്റുമതി: ലഭ്യത ഉറപ്പുവരുത്താൻ സി.എം.എഫ്.ആർ.ഐ

**കൊച്ചി:** കടൽവിഭവ കയറ്റുമതിയിൽ നേട്ടംകൊയ്യാൻ കേരള തീരത്തുനിന്ന് പിടിക്കുന്ന സമുദ്ര സമ്പത്തിന്റെ ലഭ്യത മെച്ചപ്പെടുത്താനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ട്രോൾവല ഉപയോഗിച്ച് സംസ്ഥാനത്തുനിന്ന് പിടിക്കുന്ന 11 ഇനം ചെമ്മീൻ, കൂന്തൽ വിഭവങ്ങൾ സുസ്ഥിരമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള ശാസ്ത്രീയ അടിത്തറയൊരുക്കുന്നതിന് സി.എം.എഫ്.ആർ.ഐ മുൻകൈയെടുക്കും. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോ. ഓഫ് ഇന്ത്യയുടെ (എസ്.ഇ.എ.ഐ) അഭ്യർഥനയെ തുടർന്നാണ് നടപടി.

കരിക്കാടി, പൂവാലൻ, ആഴക്കടൽ ചെമ്മീനുകൾ, കൂന്തൽ, കണവ, നീരാളി, പാമ്പാട, കിളിമീൻ ഇനങ്ങൾ എന്നിവയുടെ സ്ഥിതിവിവര കണക്കുകളും ഈ വിഭവങ്ങളുടെമൊത്തലഭ്യതയും ആരോഗ്യാവസ്ഥയും തിട്ടപ്പെടുത്തി സുസ്ഥിരമായി പിടിക്കാവുന്ന ശാസ്ത്രീയ അളവ് നിജപ്പെടുത്താൻ എസ്.ഇ.എ.ഐയുമായി ചേർന്ന് സി.എം.എഫ്.ആർ.ഐ കൺസൾട്ടൻസി പ്രോജക്ടിന് തുടക്കംകുറിക്കും.

ഇതിനായി സി.എം.എഫ്.ആർ.ഐയും എസ്.ഇ.എ.ഐയും ധാരണയിലെത്തി. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും എസ്.ഇ.എ.ഐക്ക് വേണ്ടി എ.ജെ. തരകനും ധാരണപത്രത്തിൽ ഒപ്പുവെച്ചു. കയറ്റുമതി ചെയ്യുന്ന ഇനങ്ങൾക്ക് വിദേശ വിപണികളിൽ മൂല്യം വർധിപ്പിക്കാനാണ് ഈ നടപടി.